പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 4877 — 21/10/2011 ൽ മറുപടിയ്ക്ക്

ഓർഫനേജ് ആന്റ് അദർ ചാരിറ്റബിൾ ഹോംസ് (സൂപ്പർവിഷൻ ആന്റ് കൺട്രോൾ ) ആക്ട്

| ചോദ്യം<br>ശ്രീ. എ.എം. ആരിഫ് : | ഉത്തരം<br>ഡോ. എം.കെ. മുനീർ :<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
|---|---|
| (എ) ഓർഫനേജ് ആന്റ് അദർ ചാരിറ്റബിൾ ഹോംസ് (സൂപ്പർവിഷൻ ആന്റ് കൺട്രോൾ ) ലെ സെക്ഷൻ 29 -ലെ സബ് സെക്ഷൻ (1) 2008 മാർച്ച് 12 ലെ ഗസറ്റ് വിജ്ഞാപനപ്രകാരം ഭേദഗതി വരുത്തിയത് എന്തുകൊണ്ടാണ്; | (എ) കുട്ടികൾ അനാഥരായി അധികനാൾ സ്ഥാപനങ്ങളിൽ കഴിയുന്നത് ആശാസ്യമല്ല. സംരക്ഷിക്കാൻ ആളില്ലാത്ത കുട്ടികളെ **Adoption, fostercare** സംവിധാനങ്ങളിലൂടെ ഗൃഹാന്തരീക്ഷ ത്തിൽ വളരുവാൻ സാഹചര്യ മൊരുക്കുക എന്നതാണ് ആധുനിക കാഴ്ചപ്പാട്. ഇതിനു വേണ്ടിയുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളി ച്ചുകൊണ്ടുള്ള നിയമമാണ് **Juvenile Justice Act.** ആയതു കൊണ്ട് സ്ഥാപന വത്കരണം ഒഴിവാക്കുക എന്ന ഉദ്ദേശത്തോടു കൂടിയാണ് സർക്കാർ ചട്ടത്തിൽ ഭേദഗതി വരുത്തി സ്ഥാപന ങ്ങൾ കൂടുന്നത് നിയന്ത്രിച്ചിരിക്കുന്നത് |
| (ബി) പ്രസ്തുത ഭേദഗതിയിലെ റൂൾ 13 ലെ സബ്റൂൾ 5-ൽ സ്ഥാപനങ്ങൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും വേണമെന്ന നിബന്ധന നിമിത്തം അനാഥരായ സ്ത്രീകളെയും കുട്ടികളെയും തെരുവിലലയുന്നവരേയും സംരക്ഷിക്കുന്ന തിനുള്ള ആശ്രയകേന്ദ്രങ്ങൾ സ്ഥാപിക്കുന്ന തിന് ആളുകൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) തെരുവിൽ അലയുന്ന കുട്ടികളുടെ സംരക്ഷണം ലക്ഷ്യമാക്കിയുള്ള സംവിധാനങ്ങൾ സർക്കാർ ഏർപ്പെടുത്തി യിട്ടുണ്ട്. ഇവർക്കുവേണ്ടി അനാഥശാല കൾ കൂടുതൽ ആരംഭിക്കേണ്ട ആവശ്യം നിലവിലില്ല. അനാഥരായ സ്ത്രീകളുടെ സംരക്ഷണത്തിനുവേണ്ടി സംസ്ഥാനത്ത് മഹിളാ മന്ദിരങ്ങൾ പ്രവർത്തിക്കുന്നുണ്ട്. |
| (സി) സ്ഥാപനങ്ങൾ ആരംഭിച്ച് ഒരു നിശ്ചിത സമയത്തിനുശേഷം സ്വന്തമായി കെട്ടിടമുണ്ടാക്കിയാൽ മതിയാകും എന്ന ഭേദഗതി , വിശദമായ പരിശോധനകൾക്കു ശേഷം , ഈ നിയമത്തിൽ ഭേദഗതി വരുത്തുവാൻ നടപടി സ്വീകരിക്കുമോ? | (സി) ഇക്കാര്യം വിശദ പരിശോധനയ്ക്കു ശേഷമേ തീരുമാനിക്കുവാൻ സാധിക്കു കയുള്ളൂ. |

R. Vijayakumar

സെക്ഷൻ ഓഫീസർ